# Athmaraksha.org

മറ്റു ലേഖനങ്ങൾ

## 100 വർഷം രാവും പകലുമില്ലാതെ ദിവ്യകാരുണ്യത്തിനു മുന്നിൽ!



ഫിലാദെൽഫിയ: അതിശയം തോന്നുന്ന ഇത്തരം വാർത്തകൾ കേൾക്കുമ്പോൾ. 100 വർഷം രാവും പകലുമില്ലാതെ 24 മണിക്കൂറും തുടർച്ചയായി ലോകത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ച സന്യാസസമൂഹത്തിലെ സഹോദരിമാരെക്കുറിച്ചാണ് ഈ അത്ഭുതകരമായ വാർത്ത. പിങ്ക് സിസ്റ്റേഴ്സ് എന്നാണ് അവർ അറിയപ്പെടുന്നത്. ഫിലാദെൽഫിയയിലെ ഹോളി സ്പിരിറ്റ് അഡോറേഷൻ സിസ്റ്റേഴ്സാണ് തങ്ങളുടെ വിളിയിൽ തെല്ലും ചലനം വരുത്താതെ ദിവ്യകാരുണ്യത്തിനുമുന്നിൽ ലോകത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത്. അവരുടെ സന്യാസവസ്ത്രത്തിന്റെ പിങ്ക് നിറമാണ് ഈ പേര് അവർക്ക് സമ്മാനിച്ചത്.

ഫിലാദെൽഫിയയിലെ ഡിവൈൻ ലൗവ് ചാപ്പലിലെത്തിയാൽ ഓരോ സന്യാസിനി സഹോദരിമാർ പിങ്ക് വസ്ത്രമണിഞ്ഞ് ദിവ്യകാരുണ്യത്തിന് മുന്നിൽ തങ്ങളുടെ ഊഴമനുസരിച്ച് പ്രാർത്ഥിക്കുന്നത് കാണാം. അവർ 100 വർഷങ്ങൾ പിന്നിടുകയാണ് ഈ പ്രാർത്ഥനയിൽ. 1896 ൽ ഹോളണ്ടിലാണ് സന്യാസസഭയുടെ ആരംഭം. ദിവ്യകാരുണ്യം എഴുന്നള്ളിച്ച് വച്ച് നിരന്തര ആരാധനയായിരുന്നു കാരിസം. പരിശുദ്ധാത്മാവിലുള്ള സന്തോഷം എടുത്തുകാട്ടുവാനാണ് പിങ്ക് നിറം വസ്ത്രത്തിനായി തിരഞ്ഞെടുത്തത്. ഇന്ന് 12 രാജ്യങ്ങളിലായി 22 കോൺവന്റുകളിൽ 420 ഹോളി സ്പിരിറ്റ് അഡോറേഷൻ സന്യാസിനികളുണ്ട്. അമേരിക്കയിൽ ഫിലാദെൽഫിയ കൂടാതെ ടെക്സസിൽ കോർപസ് ക്രിസ്റ്റിയിലും, നെബ്രാസ്കയിൽ ലിങ്കണിലും.

ഫിലാദെൽഫിയയിൽ അഡോറേഷൻ കോൺവന്റിൽ 40 സന്യാസികളുണ്ടായിരുന്നു മുമ്പ്. ഇപ്പോൾ 20 പേർ മാത്രം. ഏറ്റവും പ്രായം കുറഞ്ഞ സന്യാസിനിക്ക് 52 വയസ്സുണ്ട്. പ്രായമായയാൾ 90. ദൈവവിളികൾ കുറഞ്ഞുവരുന്നു എന്നതൊരു യാഥാർത്ഥ്യമാണ്. അതിനാൽതന്നെ ചാപ്പിലിലും പുറത്തും മറ്റു സ്ഥലങ്ങളിലും ഈ വിളിയെക്കുറിച്ചും മഹനീയ ദൗത്യത്തെക്കുറിച്ചും വാർത്തകൾ നൽകുന്നുണ്ട് സിസ്റ്റേഴ്സ്. ആത്മവിശ്വാസം നൽകുന്നതാണ് സിസ്റ്റർ മരിയ ക്ലാരിസയുടെ വാക്കുകൾ, 'ഈ പ്രതിസന്ധിയെ ഞങ്ങൾ പ്രാർത്ഥനാപൂർവം നേരിടുന്നു. ലൗകിക കാര്യങ്ങളോട് തെല്ലും അനുഭാവം കാട്ടാതെ പരിശുദ്ധാത്മാവിലുള്ള സന്തോഷം അനുഭവിക്കുവാൻ ആഗ്രഹിക്കുന്ന അനേകർ ഇനിയും

വരുമെന്നാണ് വിശ്വസിക്കുന്നത്. ദൈവമാണല്ലോ വിളിക്കുന്നത്, അവിടുത്തെ ഹൃദയത്തിലേക്ക് ഈ പ്രതിസന്ധിയെ ഞങ്ങൾ സമർപ്പിക്കുന്നു.'

1915 ലാണ് ഫിലാദെൽഫിയയിലെ ഡിവൈൻ ലൗവ് ചാപ്പൽ ആരംഭിക്കുന്നത്. 15 സന്യാസിനിമാരായിരുന്നു തുടക്കത്തിൽ. 2015 ൽ അവർ 100 വർഷം പൂർത്തിയാക്കുകയാണ് ദിവ്യകാരുണ്യത്തിന് മുന്നിൽ. ആരാധന കൂടാതെ മഠത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ചെറിയ രീതിയിൽ ജപമാല നിർമ്മാണവും പ്രാർത്ഥനാ കാർഡുകളുടെ വിതരണവും അവർ നടത്തുന്നുണ്ട്. സന്യാസാംഗമായ മേരി അഞ്ചലീക്ക ക്രിസ്തുമസ് ആഘോഷത്തെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോൾ ആരുടെയും ഹൃദയം ആർദ്രമാകും, 'എല്ലാ ആഘോഷങ്ങളും ഞങ്ങൾ വളരെ ലളിതമാക്കുവാൻ ആണ് ആഗ്രഹിക്കുന്നത്. ഈശോയെ കൂടുതൽ ശ്രദ്ധിക്കുവാനാണ് ഇഷ്ടം. വലിയ ആഘോഷങ്ങൾ വരുമ്പോൾ അല്പം ഐസ്ക്രീം കഴിക്കും. ഈ ക്രിസ്തുമസിന്റെയും ആഘോഷം അതായിരുന്നു.'

കടപ്പാട്: us.sundayshalom.com